തൊഴിലില്ലായ്മ വേതനം

903 [1659] ശ്രീ. വി. വി. ജോസഫ് (കുണ്ടറ): താഴെ കാണുന്ന ചോദ്യത്തിന് സാമൂഹ്യവികസനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

1981–82 സാമ്പത്തികവർഷം എത്രപേർക്ക് തൊഴിലില്ലായ്മ വേതനം ലഭിക്കുമെന്നതിനെപ്പറ്റി കണക്കു ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര?

ഉത്തരം

1981–82-ൽ തൊഴിലില്ലായ്മ ധനസഹായം അനുവദിക്കുന്നതു സംബന്ധിച്ച എല്ലാ നടപടികളും ഇനിയും പൂർത്തിയായിട്ടില്ല. അതിനാൽ എത്രപേർക്ക് തൊഴിലില്ലായ്മ സഹായധനം ലഭിക്കുമെന്നു തിട്ടപ്പെടുത്തിയിട്ടില്ല.

ശുദ്ധജല വിതരണം

904 [1660] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലയോലപ്പറമ്പ്, മറവൻതുരുത്ത്, വെച്ചൂർ, ഉദയനാപുരം പഞ്ചായത്തുകളിൽ ശുദ്ധജലം എത്തിച്ചുകൊടുക്കുന്നതിന് ഈ വർഷം എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനുവേണ്ടി പഞ്ചായത്തുകൾ ആവശ്യപ്പെട്ടതനുസരിച്ചുള്ള നടപടികൾ എടുത്തു കഴിഞ്ഞോ;

(സി) ഈ വർഷംതന്നെ ഈ പഞ്ചായത്തുകളിൽ ശുദ്ധജലം എത്തിച്ചു കൊടുക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തലയോലപ്പറമ്പ് പഞ്ചായത്തിൽ ശുദ്ധജല വിതരണം ആരംഭിച്ചു കഴിഞ്ഞു. ഉദയനാപുരം, മറവൻതുരുത്ത് എന്നീ പഞ്ചായത്തുകളിൽ ഒരു മാസത്തിനകം ശുദ്ധജല വിതരണം നടത്തുന്നതിനാവശ്യമായ പണികൾ എല്ലാം തീർന്നിട്ടുണ്ട്. വെച്ചൂർ പഞ്ചായത്തിൽ ശുദ്ധജലമെത്തിക്കുന്നതിന് മൂന്നുനാലു മേജർ പാലങ്ങളിൽക്കൂടി പൈപ്പ് ഇടുന്നതിനുള്ള പണികൾ നടന്നുകൊണ്ടിരിക്കുന്നു. മൂന്നു മാസത്തിനകം ടി പഞ്ചായത്തിൽ ശുദ്ധജല വിതരണം നടപ്പിലാക്കാൻ കഴിയുമെന്നു കരുതുന്നു.

(ബി) പൈപ്പുകൾ നീട്ടിക്കിട്ടാനുള്ള അപേക്ഷകളിൽ നടപടികൾ എടുത്തിട്ടില്ല. ഇക്കാര്യം പദ്ധതി കമ്മീഷൻ പൈതശേഷം പരിഗണിക്കുന്നതാണ്.

(സി) ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly